**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2087** **12-09-2023 - ൽ മറുപടിയ്ക്ക്**

**ഹാന്റ് ബോൾ സംഘടനകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഹാന്റ് ബോൾ കായിക ഇനത്തിൽ കേരള സ്പോർട്സ് കൗൺസിൽ അംഗീകരിച്ച ദേശീയ തലത്തിലുള്ള സംഘടന ഏതാണെന്ന് വ്യക്തമാക്കാമോ; | (എ) | 2008-ലെ കേരള സ്പോർട്സ് ചട്ടങ്ങളിലെ ചട്ടം 56(1)(ഐ) പ്രകാരം 'സംസ്ഥാന സ്പോർട്സ് കൗൺസിൽ രജിസ്ട്രേഷൻ ആവശ്യപ്പെടുന്നതിന് മുൻപായി ബന്ധപ്പെട്ട സ്പോർട്സ് ശാഖയിലെ അഖിലേന്ത്യ ഫെഡറേഷനോടോ അസ്സോസിയേഷനോടോ ബോർഡിനോടോ സംഘടന സ്വയം അഫിലിയേറ്റ് ചെയ്തിരിക്കണം' എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഹാൻഡ് ബോൾ കായിക ഇനത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കേരളത്തിലെ സംസ്ഥാനതല കായിക സംഘടനയാണ് 'കേരള ഹാൻഡ്ബോൾ അസോസിയേഷൻ'. പ്രസ്തുത കായിക സംഘടന ഹാൻഡ്ബോൾ ഫെഡറേഷൻ ഓഫ് ഇന്ത്യ (HFI)-യുമായി അഫിലിയേറ്റ് ചെയ്തിരുന്നു.<br><br>എന്നാൽ കേന്ദ്ര സർക്കാരിന്റെ, സ്പോർട്സ് വകുപ്പിൽ നിന്നുള്ള 25.07.2023 ലെ F.No 31 -14/2009 - SP–I (Vol. IV) നമ്പർ അറിയിപ്പ് പ്രകാരം ഹാൻഡ്ബോൾ ഫെഡറേഷൻ ഓഫ് ഇന്ത്യ (HFI)-യുടെ അംഗീകാരം പിൻവലിച്ച് പകരം ഹാൻഡ്ബോൾ അസോസിയേഷൻ ഓഫ് ഇന്ത്യ (HAI)-യെ ഹാൻഡ്ബോൾ കായിക ഇനത്തിന്റെ ദേശീയ സംഘടനയായി അംഗീകരിച്ചിട്ടുണ്ട്.<br><br>കേന്ദ്രസർക്കാരിന്റെ കായികവകുപ്പ് അംഗീകരിച്ച സംഘടനയെയാണ് ചട്ടം 56(1)(ഐ) പ്രകാരം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലും അംഗീകരിക്കുന്നത്. |
| (ബി) | സംസ്ഥാനത്ത് കേരള സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള ഹാന്റ് ബോൾ സംഘടന ഏതാണെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനതലത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ രജിസ്ട്രേഷൻ/അംഗീകാരം നിലവിലുള്ളത് കേരള ഹാൻഡ്ബോൾ അസോസിയേഷനാണ്. |

| | | | |
|---|---|---|---|
| (സി) | കേരള സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള ഹാന്റ് ബോൾ അസോസിയേഷന്റെ നിലവിലെ ഭാരവാഹികളുടെ വിശദാംശം ലഭ്യമാക്കാമോ? | (സി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നിലവിൽ അംഗീകരിച്ച ഹാൻഡ് ബോൾ അസ്സോസിയേഷൻ നിലവിലെ ഭാരവാഹികളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.<br><br>പ്രസിഡന്റ് - ശ്രീ. എം കെ നാസർ<br><br>സെക്രട്ടറി - ശ്രീ. എസ്. എസ്. സുധീർ<br><br>ട്രഷറർ - ശ്രീ. പി. ദാമോദരൻ |

സെക്ഷൻ ഓഫീസർ